പി.എസ്.സി. വഴിയുള്ള നിയമനങ്ങളിലെ നിയന്ത്രണം

42 (4374) ശ്രീ. ജി. സുധാകരൻ :
ശ്രീ. എം. ചന്ദ്രൻ :
ശ്രീ. കെ. സുരേഷ് കറുപ്പ് :
ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാരിന്റെ വിവിധ വകുപ്പുകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ യൂണിവേഴ്സിറ്റികൾ തുടങ്ങിയിടങ്ങളിൽ പി.എസ്.സി. വഴിയുള്ള നിയമനം നടത്തുന്നതിന് നിലവിലുള്ള നിയന്ത്രണങ്ങൾ എന്തെല്ലാമാണ്; വിശദമാക്കാമോ ;

(ബി) ഒഴിവുകൾ ഉണ്ടായിട്ടും റാങ്ക് ലിസ്റ്റുകളിൽ നിന്ന് നിയമനം നടത്താതിരിക്കുന്നത് എന്തു കൊണ്ടാണ്;

(സി) പി.എസ്.സി.-യുടെ റാങ്ക് ലിസ്റ്റുകളിലെല്ലാം കൂടി എത്ര ഉദ്യോഗാർത്ഥികൾ ഉൾപ്പെട്ടിട്ടുണ്ട് ;

(ഡി) പ്രൊമോഷൻ തസ്തികകളിൽ യഥാസമയം പ്രൊമോഷൻ നടത്താതിരിക്കുന്നതുമൂലം, അതുവഴി ഉണ്ടാകാവുന്ന ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാൻ കഴിയാതായിട്ടുള്ളതായി അറിയാമോ ;

(ഇ) ആശ്രിതനിയമന പദ്ധതി പ്രകാരമുള്ള നിയമനങ്ങൾക്കുവേണ്ടി കാത്തിരിക്കുന്നവരുടെ എണ്ണം എത്രയാണ്;

(എഫ്) തസ്തികൾ വെട്ടിക്കുറച്ചതുമൂലം ഏതെങ്കിലും തസ്തികകളിൽ പി.എസ്.സി. വഴി നിയമനം നടത്താൻ കഴിയാതെ പോയിട്ടുണ്ടോ ;

(ജി) ധനകാര്യ കമ്മീഷൻ നിർദ്ദേശത്തെതുടർന്ന് അധികമായി കണ്ടെത്തിയ തസ്തികകൾ എത്ര ?

ഉത്തരം

(എ) പി.എസ്.സി. വഴിയുള്ള നിയമനങ്ങൾക്ക് നിലവിൽ നിയന്ത്രണമില്ല.

(ബി) റാങ്ക് ലിസ്റ്റുകളിൽനിന്നും നിയമനം നടത്തുന്നുണ്ട്.

(സി) വിവരം ശേഖരിച്ചുവരുന്നു.

(ഡി) ഇല്ല.

(ഇ) 303.

(എഫ് & ജി) വിവരം ശേഖരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly